പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4123 16.05.2017-ലെ മറുപടിക്ക്

## കോതമംഗലം ഡിപ്പോയിൽ നിന്നുള്ള പുതിയ സർവ്വീസുകൾ

ചോദ്യം
ശ്രീ.ആന്റണി ജോൺ

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോതമംഗലം ഡിപ്പോയിൽ നിന്നും കോഴിക്കോട് - മുക്കം , കോതമംഗലം -വേളാങ്കണ്ണി, കോതമംഗലം - മംഗലാപുരം, കോതമംഗലം - കാക്കനാട് വഴി എറണാകുളം എന്നീ പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് മാനേജ്മെന്റ് തലത്തിൽ നടപടികൾ സ്വീകരിച്ചിരുന്നിട്ടും ഇവ ആരംഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും | അത്തരത്തിൽ മാനേജ്മെന്റ്തല നടപടികൾ സ്വീകരിച്ചിട്ടില്ല. തമിഴ്നാട്, കർണ്ണാടക എന്നീ സംസ്ഥാനങ്ങളുമായുള്ള അന്തർ സംസ്ഥാന കരാറിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ കോതമംഗലത്ത് നിന്നും വേളാങ്കണ്ണി, മംഗലാപുരം എന്നീ സ്ഥലങ്ങളിലേക്കുള്ള സർവ്വീസുകൾ ആരംഭിക്കുവാൻ കഴിയുകയില്ല. കൂടാതെ മുക്കം വഴി കോഴിക്കോട് - കാക്കനാട് വഴി എറണാകുളം എന്നീ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. യുടെ നിലവിലെ സാഹചര്യത്തിൽ ആരംഭിക്കുവാൻ കഴിയുകയില്ല. |
| (ബി) | ഈ സർവ്വീസുകൾ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഈ കാര്യത്തിൽ സ്വീകരിച്ച നടപടിയും നിലവിലുള്ള സ്ഥിതിയും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ